പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058 17.03.2015-ൽ മറുപടിക്ക്

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാനസൗകര്യ വികസനം

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ :

ഉത്തരം

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എത്ര രൂപ അനുവദിച്ചുവെന്നും തുക ഏതൊക്കെ ആവശ്യത്തിന് വിനിയോഗിച്ചുവെന്നുമുള്ള വിശദാംശം അറിയിക്കാമോ; | (എ) | പദ്ധതി വിഹിതത്തിൽപെടുത്തി ഈ സർക്കാർ ആകെ 62.50 ലക്ഷം രൂപ അനുവദിച്ചു. അതിൽ 28.50 ലക്ഷം രൂപ ചെലവഴിച്ച് അവിടെ വനിതകൾക്കുള്ള വിശ്രമ സങ്കേതവും കാത്തിരിപ്പ് കേന്ദ്രവും നിർമ്മിച്ചിട്ടുണ്ട്. 34 ലക്ഷം രൂപ വിനിയോഗിച്ച് മൂന്ന് ബേകളുള്ള ഗ്യാരേജിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തികൾ പ്രസ്തുത ഡിപ്പോയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇല്ല. |
| (സി) | ഭൗതിക സാഹചര്യങ്ങളുടെ കുറവുമൂലം ജീവനക്കാരും യാത്രക്കാരും ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുമോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരാധീനതയിൽ നിന്നുകൊണ്ട് പോരായ്മകൾ ഘട്ടംഘട്ടമായി പരിഹരിക്കുവാനേ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ